(ഡി) പെൻഷൻ കുടിശ്ശിക നൽകാതിരിക്കാൻ കാരണമെന്ത് ;

(ഇ) ഇപ്പോൾ കുടിശ്ശികയായിട്ടുള്ള പെൻഷൻ നൽകാൻ എത്ര ലക്ഷം രൂപ വേണമെന്ന് പറയാമോ ;

(എഫ്) കുടിശ്ശിക പെൻഷൻ എന്നത്തേക്ക്, നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 17-11-2003-ലെ ജി.ഒ. (എം.എസ്.) 363/03/ആർ.ഡി. നമ്പർ ഉത്തരവിലൂടെയാണ് സർക്കാർ അവസാനമായി 300 രൂപയിൽ നിന്നും 500 രൂപയായി മുൻ ജന്മി പെൻഷൻ വർദ്ധിപ്പിച്ചത്.

(ബി) നൽകുന്നുണ്ട്.

(സി) മുൻ ജന്മി പെൻഷൻകാർക്ക് ഫെബ്രുവരി മാസം ഉൾപ്പെടെ വിവിധ താലൂക്കുകളിലായി ചുരുങ്ങിയത് ഒരു മാസം മുതൽ കൂടിയത് 16 മാസം വരെയുള്ള കുടിശ്ശികയാണ് നൽകാനുള്ളത്.

(ഡി) ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചതിനാലുണ്ടായ ഫണ്ടിന്റെ അഭാവമാണ് പെൻഷൻ കുടിശ്ശിക നൽകാതിരിക്കാൻ കാരണം.

(ഇ) ഇപ്പോൾ കുടിശ്ശികയായിട്ടുള്ള പെൻഷൻ നൽകാൻ 11,18,000 രൂപ വേണം.

(എഫ്) 2006-2007 സാമ്പത്തിക വർഷത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി തുക നൽകാൻ കഴിയും.

റിവർമാനേജ്മെന്റ് ഫണ്ടിന്റെ ഉപയോഗം

149 [1088] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണ നിയമവും നടപ്പിലാക്കിയതിനുശേഷം കേരളത്തിലെ നദികളുടെ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) റിവർമാനേജ്മെന്റ് ഫണ്ട് ഇപ്പോൾ എന്തെല്ലാം കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നത് ; ഈ ഫണ്ടിന്റെ ചുമതല ഏതു വകുപ്പിനാണ് ;

(സി) ഈ ഫണ്ടിൽ ഇപ്പോൾ എന്തു തുക ബാക്കിയുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നദികളിൽ നിന്ന് മണൽവാരൽ ക്രമീകരിക്കുന്നതിനും അനധികൃത മണൽവാരുന്നത് തടയുന്നതിനും നദീതീര സംരക്ഷണ പദ്ധതികൾ നടപ്പാക്കുന്നതിനും കൂടാതെ 2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും

LIBRARY ARCHIVES Kerala Legislative Assembly

ചട്ടം 22(3) പറയുന്ന കാര്യങ്ങൾക്കും അനുസരിച്ചാണ് റിവർമാനേജ്മെന്റ് ഫണ്ട് ചെലവഴിക്കുന്നത്. മാതോ ജില്ലയ്ക്കുമുള്ള റിവർമാനേജ്മെന്റ് ഫണ്ടിന്റെ ചുമതല അതതു ജില്ലാ കളക്ടർമാർക്കാണ്.

(സി) വിവരം ശേഖരിച്ചു വരുന്നു.

സംസ്ഥാനത്ത് ആവശ്യമായ നോട്ടറിമാരുടെ എണ്ണം

150 [1089] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആവശ്യമായ നോട്ടറിമാരുടെ എണ്ണം എത്രയാണ് ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര അഭിഭാഷകർ നോട്ടറിമാരായി പ്രവർത്തിച്ചു വരുന്നുണ്ടെന്ന് അറിയിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അഭിഭാഷകരെ നോട്ടറിമാരായി നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഡി) ക്രമക്കേടുകളുടെ പേരിൽ ഏതെങ്കിലും അഭിഭാഷകരുടെ നോട്ടറി പദവി ഈ കാലയളവിൽ റദ്ദ് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) നോട്ടറിമാരുടെ നിയമനത്തിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 9-5-2001-ന് കേന്ദ്ര ഗവൺമെന്റ് നോട്ടറീസ് ചട്ടത്തിൽ വരുത്തിയ ഭേദഗതി പ്രകാരം സംസ്ഥാന ഗവൺമെന്റിന് നിയമിക്കാവുന്ന നോട്ടറിമാരുടെ എണ്ണം 375 ആയി നിജപ്പെടുത്തിയിരിക്കുന്നു.

സംസ്ഥാനത്തെ വർദ്ധിച്ച തോതിലുള്ള നോട്ടറിമാരുടെ സേവനത്തിന്റെ ആവശ്യകത കണക്കിലെടുത്ത് കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച ഭേദഗതിയിൽ മതിയായ മാറ്റം വരുത്തുന്നതിനും സംസ്ഥാനത്തിന് അനുവദിച്ചിരുന്ന 375 എന്ന കാട്ട 1000 ആക്കി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര നിയമകാര്യ വകുപ്പുമന്ത്രിക്ക് സംസ്ഥാന ഗവൺമെന്റ് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 1-1-2006-ന് 711 നോട്ടറിമാർ പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 14 അഭിഭാഷകരെ നോട്ടറിമാരായി നിയമിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. നോട്ടറീസ് ആക്ടിലെ 10 (ഡി) വകുപ്പ് പ്രകാരം തൊഴിൽ സംബന്ധമായ പൊരുമാറ്റ ദൂഷ്യത്തിന്റെ പേരിൽ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ പ്രാക്ടീസ് ചെയ്തിരുന്ന ശ്രീ. കെ. ശശികുമാറിനെ 19-12-2005-ന് നോട്ടറീസ് രജിസ്റ്ററിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly